**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5881** **25-03-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2017-ൽ ആരംഭിച്ച കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; നാളിതുവരെ എത്രകോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട് എന്നത് ഇനം തിരിച്ച് ലഭ്യമാക്കുമോ? | (എ) | കൊച്ചി-ബംഗളുരു വ്യവസായ ഇടനാഴി പാലക്കാട്, കൊച്ചി എന്നീ രണ്ട് നോഡുകളായാണ് വികസിപ്പിക്കുന്നത്. പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ- ഏകദേശം 1710 എക്കറിൽ ഡെവലപ്പ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആറും തയ്യാറായിട്ടുണ്ട്.<br><br>പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് 3806 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ഐ.എം.സി പദ്ധതിക്കായി ഏകദേശം 1710 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. അതിൽ ഏകദേശം 1400 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഉള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ് എന്നിവയ്ക്ക് 2024 ഫെബ്രുവരിയിലും കണ്ണമ്പ്രയ്ക്ക് 2025 ജനുവരിയിലും പാരിസ്ഥിതിക അനുമതി ലഭിച്ചു. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റികൾക്കായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസി സേവനത്തിനുള്ള ടെൻഡർ 2024 ഡിസംബറിൽ ക്ഷണിച്ചു. 2025 മാർച്ച് മാസത്തിൽ പി.എം.സി. തിരഞ്ഞെടുപ്പ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആഗോള ഇ.പി.സി ടെൻഡർ 2025 മെയ് മാസത്തിൽ ക്ഷണിക്കും എന്ന് പ്രതീക്ഷിക്കുന്നു. ആദ്യഘട്ടമായി 110 ഏക്കർ ഭൂമി കിൻഫ്ര എസ്.പി.വി-ക്ക് കേരള ഇൻഡസ്ട്രി കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ കൈമാറി അതിനോടനുബന്ധിച്ച തുല്യ ഇക്വിറ്റിയായി NICDC 104.50 കോടിയുടെ രൂപയും എസ്.പി.വി-ക്ക് കൈമാറി.<br><br>ഭൂമി ഏറ്റെടുക്കുന്നതിന് ഇതുവരെ 1489.03 കോടി രൂപ ചെലവായിട്ടുണ്ട്. |

| Sl No. | District/Taluk/village | ചെലവഴിച്ച തുക |
|---|---|---|
| 1 | Kannambra | 420.77 Cr |
| 2 | Pudussery Central | 1067.76 Cr |

| | | |
|---|---|---|
| 3 | Pudussery West | 0.50 Cr |
| | Total | 1489.03 Cr |

കൊച്ചി നോഡിൽ ഗ്ലോബൽ സിറ്റി പദ്ധതിയായി ഡെവലപ്പ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രിലിമിനറി മാസ്റ്റർ പ്ലാൻ തയ്യാറായി വരുന്നു. എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഗ്ലോബൽ സിറ്റി സ്ഥാപിക്കുന്നതിനായി 358 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് 850 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്ലോബൽ സിറ്റിക്കായി സംസ്ഥാന സർക്കാർ 358 ഏക്കർ ലാൻഡ് അക്യുസിഷൻ നടപടികളുമായി മുന്നോട്ട് പോകുന്നുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ഇതു വരെ ലഭിച്ചിട്ടില്ല. പദ്ധതിക്ക് കേന്ദ്രാനുമതി വേഗത്തിൽ ലഭ്യമാക്കാനായി ശക്തമായ ഇടപെടലുകൾ നടത്തി വരികയാണ്.

സെക്ഷൻ ഓഫീസർ